# ANNUAL REPORT 2017-18

## FISHERMEN COMMUNITY DEVELOPMENT PROGRAMME (FCDP)

Canal Road, Pallithottam P.O. Kollam - 691006 Kerala

1978-ലാണ് സലേഷ്യൻ സഭയുടെ (സെന്റ് സ്റ്റീഫൻസ്, തോപ്പ്) നേതൃത്വത്തിൽ എഫ്.സി.ഡി.പി എന്നറിയപ്പെടുന്ന ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ആരംഭിച്ചത്. ഫാ. സി.പി.ജോസഫ്, ഫാ. സെബാസ്റ്റ്യൻ, ഫാ. ഫ്രാൻസിസ് ജോൺ, ബ്ര. കുര്യൻ കട്ടിക്കാരൻ, ഫാ. ലൂയിസ് പാനിക്കുളങ്ങര എന്നിവരുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച എഫ്.സി.ഡി.പി 1984 ഓഗസ്റ്റ് 7-ാം തീയതി തിരുവിതാംകൂർ-കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു.


കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി മികവുറ്റതും നിസ്വാർത്ഥവുമായ സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ തീരദേശത്തിന്റെ ഛായതന്നെ മാറ്റുവാൻ FCDPയ്ക്കായി എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. വിദ്യാഭ്യാസം, സാമൂഹികം, ആരോഗ്യം, സാമ്പത്തികം, സാംസ്കാരികം എന്നീ മേഖലകളിൽ മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി FCDP -യുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

2017-2018 സാമ്പത്തിക വർഷത്തിലെ FCDP-യുടെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## സാമ്പത്തികം

"ഫിഷർമെൻ-നോൺ ഫിഷർമെൻ ഗ്രൂപ്പിൽ 2017-2018 സാമ്പത്തിക വർഷത്തിൽ 43 സംഘങ്ങളിലായി അഞ്ച് സെക്ഷനുകളിലായി 850 അംഗങ്ങൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.

### ലഘു വായ്പ പദ്ധതി




സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി ന്യു ക്രെഡിറ്റ്, ആശാകിരൺ ക്രെഡിറ്റ് എന്നീ രണ്ടു സ്കീമുകളിലായി അയ്യായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ കൊടുക്കുന്നു. തൻ വർഷം ന്യു ക്രെഡിറ്റ് സ്കീമിൽ 417 അംഗങ്ങൾക്കായി. 1,21,40,621.00 രൂപയും ആശാകിരൺ വായ്പയായി 94 അംഗങ്ങൾക്ക് 54,45,000.00 രൂപയും കൊടുക്കുകയുയായി. തൻ വർഷം 511 അംഗങ്ങൾക്കായി വായ്പയായി ആകെ കൊടുത്ത തുക 17585621.00 രൂപ യാണ്.

### ലഘു നിക്ഷേപ പദ്ധതി

#### ആശാകിരൺ

2017-2018 സാമ്പത്തിക വർഷത്തിൽ 247 അംഗങ്ങ ളിൽ നിന്നായി 16,01,560.00 രൂപ നിക്ഷേപം സ്വീകരിച്ചു. ഇതിൽ 13,95,400.00 രൂപ തൻ വർഷം പിൻവലിക്കു കയും 1,54,421.00 രൂപ പലിശയിനത്തിൽ കൊടുക്കുകയും ചെയ്തു.

#### സ്പെഷൽ സേവിംഗ്സ്

2017-18-ൽ Rs.17,37,000.00 രൂപ 27 അംഗങ്ങളിൽ നിന്ന് സ്പെഷൽ സേവിംഗ്സ് ആയി സ്വീകരിച്ചു. 320,000.00 രൂപ മുതലായും 82,532.00 രൂപ പലിശയായും നൽകി.

### മരണ ഫണ്ട്

2017-ൽ ഭരണ സമിതിയിലെടുത്ത തീരുമാനമനുസരിച്ചു മരണഫണ്ട്, അംഗം മരിച്ച വിവരം ഓഫീസിൽ അറിയിച്ചതിനുശേഷം ഭാഗീകമായിയും, ബാക്കി മുപ്പതാം ദിവസവും കൊടുത്തു വരുന്നു. തൻ വർഷം 7 അംഗ ങ്ങൾക്കായി 350,000.00 രൂപ മരണ ഫണ്ടായി നൽകി. ഈ അവസരത്തിൽ 2017-18 വർഷത്തിൽ മരണപ്പെട്ട അംഗങ്ങളെ പ്രത്യേകം സ്മരിക്കുകയും, സംഘടനയോട് അവർ കാണിച്ച പ്രതിബദ്ധതയ്ക്ക് നന്ദി രേഖപ്പെടുത്തു കയും ചെയ്യുന്നു.

### പഴയ വായ്പ

2017-18 സാമ്പത്തിക വർഷത്തിൽ 84,715.00 രൂപ കിട്ടാക്കടമായി കിടന്ന പഴയ വായ്പകളിൽ നിന്നും തിരിച്ചു ലഭിക്കുകയുണ്ടായി എന്നത് സംഘടനയെ സംബന്ധിച്ചിടത്തോളം വലിയൊരു നേട്ടമാണ്.

### മറ്റ് വായ്പകൾ

സെപ്റ്റംബർ 25 2017-ൽ ആന്ധ്രാ ബാങ്കിൽ (ബീച്ച് ഈസ്റ്റ്) ഈടായി വച്ചിരുന്ന FCDP-യുടെ ആധാരവും മറ്റ് രേഖകളും തിരിച്ചെടുത്തു. അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് വായ്പ കൊടുക്കുന്നതിനു വേണ്ടി 1995-ലാണ് ആധാരം ഈടായി കൊടുത്തത്. 9 മൽസ്യത്തൊഴിലാളികൾ തിരിച്ചടവിൽ കുടിശിക വരുത്തിയതിനെ തുടർന്ന് ഇവ ബാങ്ക് കൈവശം വയ്ക്കുകയായിരുന്നു. ബാങ്കുമായി നടത്തിയ ചർച്ചയെ തുടർന്നു ഇളച്ചു തന്ന തുകയായ 129033.00 രൂപ ബാങ്കിൽ അടയ്ക്കുകയും രേഖകൾ തിരിച്ചു ലഭിക്കുകയും ചെയ്തു..

2012-ൽ ബ്രെഡ്സിൽ (ബാംഗളൂർ) നിന്നും എടുത്ത ലോണിലേക്കും 5 ലക്ഷം രൂപ തിരിച്ചടക്കുവാൻ സാധിച്ചു.

## ആരോഗ്യം

### കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പള്ളിത്തോട്ടം

ആരോഗ്യ പ്രവർത്തനങ്ങളുളുടെ ഭാഗമായി ബിഷപ് ബെൻസിഗർ ആശുപത്രിയുടെയും ബെൻസിഗർ നേഴ്സിംഗ് കോളേജിന്റെയും സഹകരണത്തോടെ പള്ളിത്തോട്ടത്ത് FCDP നടത്തുന്ന ഹെൽത്ത് സെന്ററിൽ 2017-18 -ൽ 6755 രോഗികൾ ചികിത്സ നേടുകയുണ്ടായി.



ഇത് കൂടാതെ പ്രതിരോധ കുത്തിവെയ്പിന്റെ ആവശ്യം, ഗർഭിണികൾക്കുള്ള പരിചരണം, സാംക്രമിക രോഗങ്ങൾ, എന്നിങ്ങനെ 39 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. നേഴ്സിംഗ് വിദ്യാർത്ഥികൾ ഭവനങ്ങൾ സന്ദർശിക്കുകയും രോഗനിർണയം നടത്തുകയും, പ്രമേഹം, പ്രെഷർ എന്നിവ പരിശോധിക്കുകയും ജനന മരണ നിരക്കുകൾ, സാംക്രമിക രോഗങ്ങൾ മറ്റു ഇതര രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ

തയ്യാറാക്കുകയും ചെയ്യുന്നു. എല്ലാ മാസവും ബി.പി. ക്ലിനിക്, അഡൾസെന്റ് ക്ലിനിക്, ആന്റി നേറ്റൽ ക്ലിനിക്, ജിയാട്രിക് ക്ലിനിക് എന്നിവ നടത്തുന്നു.

## വിശപ്പിനു വിട




ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെയും തീരദേശ മഹിളാ സൊസൈറ്റിയുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായി കൊല്ലം തീരദേശത്തെ നിർധനരും നിരാലംബരുമായ 100 വ്യക്തികൾക്ക് ദിവസേന അവരുടെ വീടുകളിൽ പോഷകകരമായ ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വിശപ്പിനു വിട. ഏപ്രിൽ 1, 2017-ൽ FCDP ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ തോപ്പ് ഇടവക വികാരിയും റെക്ടറുമായ ഫാ സണ്ണി ഉപ്പൻ ഉദ്ഘാടനം ചെയ്തു.

താൽക്കാലികമായി ഭക്ഷണ ക്രമീകരണങ്ങൾ ഇരവിപുരത്ത് റൂത്ത് ഫുഡിനെ ഏൽപ്പിച്ചു. അർഹതപ്പെട്ട വ്യക്തികളെ ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി കണ്ടെത്തുകയും, ഭക്ഷണം വിതരണം ചെയ്യാൻ വോളണ്ടിയർമാരെ നിയോഗിക്കുകയും ചെയ്തു.

14.8.2018-ൽ അഭിവന്ദ്യ കൊല്ലം ബിഷപ് സ്റ്റാൻലി റോമൻ പിതാവ്, മുണ്ടക്കൽ, തിരുവാതിര നഗറിൽ ആരംഭിച്ച വിശപ്പിനു വിടയുടെ അടുക്കളയും ഓഫിസും ഔപചാരികമായി ഉത്ഘാടനം ചെയ്യുകയും ഇതിനോട് ചേർന്ന് സ്ഥാപിച്ച യൗസേപ്പിതാവിന്റെ രൂപത്തിന്റെ ആശിർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 14-അംഗ എക്സക്യൂട്ടീവ് കമ്മിറ്റിയ്ക്ക് രൂപം കൊടുത്തു.

2017-2018-ൽ 36,500 ഭക്ഷണ പാക്കറ്റുകൾ അർഹതപ്പെട്ട വീടുകളിൽ എത്തിക്കുവാൻ സാധിച്ചു. ഭക്ഷണം ലഭിക്കുന്ന 11 പേർ മരണപ്പെടുകയും അവർക്കു പകരം മറ്റ് വ്യക്തികളെ കണ്ടെത്തുകയും ചെയ്തു. തൻ വർഷം ഇതിനായി 21,83,551.00 രൂപ അഭ്യുദയകാംഷികളിൽ നിന്നും ശേഖരിക്കുകയും 18,62,311.50 രൂപ ഇതിനായി ചിലവഴിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി ഭക്ഷണത്തിനു പുറമെ മരുന്നും, വസ്ത്രവും നേഴ്സിംഗ് പരിചരണവും നൽകി വരുന്നു.

## ഹെൽത്തി ഫുഡ് & ഹോം കെയർ പ്രൊഡക്ട്സ്

ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെയും തീരദേശ മഹിളാ സൊസൈറ്റിയുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭമാണ് ഹെൽത്തി ഫുഡ് & ഹോം കെയർ പ്രൊഡക്ട്സ്. ഇതിന്റെ ഭാഗമായി ഒക്ടോബർ 2017-ൽ കറി പൗഡർ യുണിറ്റ് ആരംഭിക്കുകയും ബ്രെഡ്സിന്റെ (ബാംഗ്ലൂർ) സഹായത്തോടെ ഇതിനുവേണ്ടി റൂം നിർമിക്കുകയും ചെയ്തു. ഡിസംബർ 17, 2017-ൽ വച്ച് നടത്തിയ ചടങ്ങിൽ മസാല യൂണിറ്റിന്റെ ഔപചാരിക ഉത്ഘാടനം തോപ്പ് ഇടവക വികാരിയും റെക്ടറുമായ ഫാ സണ്ണി ഉപ്പൻ നിർവഹിച്ചു.



ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം തീരദേശത്ത് മേന്മയേറിയതും മായം കലരാത്തതുമായ മസാലകൾ ലഭ്യമാക്കുകയും ഇത് വഴി സ്വാശ്രയ സംഘങ്ങളുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്.

2018 ജനുവരി 31-ന് ഹെൽത്തി ഹോം കെയർ പ്രോഡക്ട്സ് ആരംഭിച്ചു. മികച്ച നിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വേറിട്ട ഒരു ജീവിത ശൈലിക്ക് തുടക്കം കുറിക്കുക എന്നാണ് ഉദ്ദേശിക്കുന്നത്.

## ഡോൺ ബോസ്കോ കൗൺസിലിംഗ് സെന്റർ

2017 ഡിസംബർ 17-ന് ഡോൺ ബോസ്കോ കൗൺസിലിംഗ് സെന്ററിന്റെ ഉൽഘാടനം TMS പ്രസിഡന്റ് ഡോ സിന്ധാ മെൻഡസ് നിർവഹിച്ചു. തീരദേശത്തെ കുട്ടികൾക്കും യുവാക്കൾക്കും കുടുംബങ്ങൾക്കും ഏറ്റവും അടുത്തുതന്നെ കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൗൺസിലിംഗ് സെന്റർ ആരംഭിച്ചിരിക്കുന്നത്.

## ഓഖി ദുരിതാശ്വാസത്തിനു ഒരു കൈത്താങ്ങ്

2017, ഡിസംബർ 15-ാം തിയതി FCDP യുടെയും TMS-ന്റെയും ബോർഡ് അംഗങ്ങളും സ്റ്റാഫും സംഘാംഗങ്ങളും അടങ്ങുന്ന ഒരു ടീം ദുരന്ത ബാധിത പ്രദേശങ്ങളായ പൂന്തുറ, വിഴിഞ്ഞം എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ജനുവരി 29-ാം തിയതി FCDP-യുടെയും TMS ന്റെയും

സംയുക്ത സമിതി ഈ പ്രദേശങ്ങൾ സന്ദർശിച്ചു. സംഘടനയ്ക്കുവേണ്ടി FCDP ചെയർപേഴ്സൺ ശ്രീമതി ജെയിൻ ലോറൻസ്, പൂന്തുറ സെന്റ് തോമസ് ചർച്ചിന്റെ ദുരിതാശ്വാസ നിധിയിലേക്ക് 50000 രൂപയുടെ ചെക്ക് കൈമാറുകയും TMS പ്രസിഡന്റ് ഡോ. സിന്ധ്യാ മെൻഡസ്, വിഴിഞ്ഞം ഹോളി സിന്ധു യാത്ര മാതാ ദേവാലയത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് 50000 രൂപയുടെ ചെക്ക് കൈമാറുകയും ചെയ്തു.



## മറ്റ് പ്രവർത്തനങ്ങൾ

### നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ

2017-2018 സാമ്പത്തിക വർഷത്തിൽ 144764 രൂപ കെട്ടിട നവീകരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു. ഗ്യാരേജ്, FCDP ബിൽഡിംഗിന്റെ മുൻവശത്തിന്റെ പെയിന്റിംഗ്, മസാല ഉത്പന്നങ്ങൾക്കു വേണ്ടി പുതിയ മുറി, കൗൺസിലിംഗ് റൂം, എന്നിവയാണ് തൻ വർഷം നടത്തിയ നവീകരണ ജോലികൾ. മസാല യൂണിറ്റിനു വേണ്ടി തുക തന്നു സഹായിച്ച ബ്രെഡ്സിനെ (BREADS) പ്രേത്യേകം അനുസ്മരിക്കുന്നു.

### തീരസംഗമം.

എഫ്.സി.ഡി.പി-യുടെ പൂർവ്വ അധ്യാപകരുടേയും, പ്രവർത്തകരുടേയും, വിദ്യാർത്ഥികളുടെയും സംഗമം എഫ്.സി.ഡി.പി ഹാളിൽ വച്ച് 2018 ജൂലൈ 8 ന് നടത്തുകയുണ്ടായി. എഫ്.സി.ഡി.പി പ്രസിഡന്റ് ശ്രീമതി. ജെയിൻ ലോറൻസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ തോപ്പ് ഇടവക വികാരിയും റെക്ടറുമായ ഫാ.സണ്ണി ഉപ്പൻ എഫ്.സി.ഡി.പി ഡയറക്ടർ എന്നിവർ വേദി പങ്കിട്ടു. ശ്രീ. ഡേവിഡിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

### ഡെന്റൽ ക്യാംപ്

2018 ഫെബ്രുവരി 24-ാം തീയതി ഡോ.റിൻസി സൈമണുമായി സഹകരിച്ച് (ലോർഡ്സ് ആന്റണി & ക്ലാര ഗ്രൂപ്പ്) ഡെന്റൽ ക്യാംപ് എഫ്.സി.ഡി.പി ഹാളിൽ സംഘടിപ്പിച്ചു. ക്യാംപിൽ 85-ൽ പരം പേർ പങ്കെടുത്തു.



### ട്രെയിനിംഗ് പ്രോഗ്രാമുകൾ.

2017 ഏപ്രിൽ 4,6 തീയതികളിലായി സ്റ്റാഫ് അംഗങ്ങൾക്ക് പരിശീലന പരിപാടി ഡോൺ ബോസ്കോ ബോയ്സ് ഹോമിൽ വച്ച് നടത്തി. പരിശീലന പരിപാടിയുടെ ഭാഗമായി സ്വാശ്രയ സംഘങ്ങളുടെ രൂപീകരണത്തെക്കുറിച്ചും ഭക്ഷണ നിർമ്മാണത്തിന്റെയും, വീട്ടുപകരണ സാധനങ്ങളുടെയും നിർമ്മാണത്തേപ്പറ്റിയും പ്രവർത്തകർക്ക് പരിശീലനം നൽകി. തുടർന്ന് തെൻമലയിലേക്ക് വിദ്യാഭ്യാസ ടൂറും നടത്തി.

### ഒത്തുചേരലും ആഘോഷങ്ങളും.

എഫ്.സി.ഡി.പി, ടി.എം.എസ് എന്നീ സംഘടനകളുടെ സംയുക്ത നേതൃത്വത്തിൽ 2017 സെപ്റ്റംബർ 2-ന് ഓണാഘോഷ പരിപാടികൾ നടത്തി.



2018 ഒക്ടോബർ 4-ന് യമനിൽ ഏറെക്കാലം തടവിലായിരുന്ന ഫാ. ടോം ഉഴുന്നാലിന്റെ സ്വീകരണച്ചടങ്ങിൽ സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു.

2017 ഡിസംബർ 21 ന് എഫ്. സി. ഡി. പി-യിലെ "ഫിഷർമെൻ-നോൺ ഫിഷർമെൻ ഗ്രൂപ്പിലെ അംഗങ്ങൾക്കായി ക്രിസ്തുമസ് ആഘോഷം നടത്തി. ബോർഡ് സ്റ്റാഫ് അംഗങ്ങൾക്ക് വേണ്ടി ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 23-ന് നടത്തുകയുണ്ടായി.

### F. സന്ദർശനങ്ങൾ:

2017 ഡിസംബർ 5 ന് ഡോൺ ബോസ്കോ പ്രൊവിഷണൽ ഫാ. ജോയ്സ് തോണിക്കുഴിയിൽ എഫ്. സി. ഡി. പി സന്ദർശിച്ചു. 2018 മാർച്ച് 15 ന് BREADS ഡയറക്ടർ ഫാ.ജോയ് എഫ്.സി.ഡി.പി, ടി.എം.എസ് അംഗങ്ങളെ സന്ദർശിച്ചു. ഇതുകൂടാതെ 2017-2018 സാമ്പത്തിക വർഷത്തിൽ ഫാ. വർഗ്ഗീസ് പുത്തനങ്ങാടി, ഫാ. ഫ്രാൻസിസ് ജോൺ, ഫാ. ജോസ് കോയിക്കൽ തുടങ്ങിയവരും സന്ദർശനം നടത്തുകയുണ്ടായി.

### ഉപസംഹാരം:

2017-18 സാമ്പത്തിക വർഷത്തിൽ നൽകിയ വിവിധങ്ങളായ അനുഗ്രഹങ്ങൾക്ക് സർവ്വശക്തനായ ദൈവത്തോട് നന്ദി രേഖപ്പെടുത്തുന്നു. അതുകൂടാതെ ബോർഡ്, സ്റ്റാഫ് അംഗങ്ങൾക്കും അവരുടെ കഠിനപ്രയത്നങ്ങൾക്കും പ്രതിബദ്ധതയ്ക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. സംഘടനയോട് സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാ അംഗങ്ങൾക്കും അഭ്യുദയകാംഷികൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഏവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.